പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1563** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>അർജന്റീന ഫുട്ബാൾ ടീമിന്റെ സ്പോൺസർ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ടി. ബൽറാം
ശ്രീമതി വിദ്യാ ബാലകൃഷ്ണൻ
ശ്രീ. മുഹമ്മദ് ഷിയാസ്
ശ്രീ. ദീപക് ജോയ്

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** അർജന്റീന ഫുട്ബാൾ ടീമിനെ കേരളത്തിൽ എത്തിക്കുന്നതിന് സ്പോൺസറെ തെരഞ്ഞെടുക്കാൻ മുൻ സർക്കാർ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

**<u>മറുപടി:</u>** അർജന്റീന ഫുട്ബോൾ ടീമിനെ കേരളത്തിൽ എത്തിക്കുന്നതിനായി 07.01.2025 തീയതിയിലെ G.O. (Rt.) No. 10/2025/S&YA സർക്കാർ ഉത്തരവ് പ്രകാരമാണ് 'റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനി' (RBC)-യെ സ്പോൺസറായി നിയോഗിച്ചത്. പ്രസ്തുത സ്വകാര്യ സ്ഥാപനത്തിന് സ്പോൺസർഷിപ്പും നടത്തിപ്പവകാശവും നൽകിയതിന് പിന്നിൽ താല്പര്യപത്രം ക്ഷണിക്കലോ (Expression of Interest - EOI), പരസ്യ ടെൻഡർ നടപടികളോ, പരസ്യങ്ങൾ പ്രസിദ്ധീകരിക്കലോ, സ്പോൺസർഷിപ്പ് നിരക്കുകളുടെ താരതമ്യേനയുള്ള മൂല്യനിർണ്ണയമോ, കമ്പനിയുടെ സാമ്പത്തിക ശേഷി പരിശോധനയോ നടത്തിയ രേഖകളൊന്നും സർക്കാർ ഫയലിൽ ലഭ്യമല്ല.

**(ബി)** സ്പോൺസറെ തിരഞ്ഞെടുക്കുന്നതിനായി താല്പര്യപത്രം ക്ഷണിച്ചിരുന്നോ; അതിനായി പരസ്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** അർജന്റീന ഫുട്ബാൾ ടീം കേരളത്തിൽ എത്താതിരുന്നതിന്റെ കാരണം എന്താണെന്ന് അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** അർജന്റീന ഫുട്ബോൾ അസോസിയേഷന്റെ (AFA) നിയമപരമായ അന്തിമ ഉറപ്പോ (Final commitment), ഫിഫ (FIFA) / അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ (AIFF) എന്നിവയുടെ ഔദ്യോഗിക മത്സര അനുമതിപത്രങ്ങളോ, ലയണൽ മെസ്സി ഉൾപ്പെടെയുള്ള പ്രമുഖ കളിക്കാരുടെ പങ്കാളിത്തം ഉറപ്പാക്കുന്ന കരാറുകളോ നിലവിൽ ഉണ്ടായിരുന്നില്ല. കൂടാതെ വിദേശത്തേക്ക് പണമയച്ചതുമായി ബന്ധപ്പെട്ട ഔദ്യോഗിക ബാങ്ക് ഡെബിറ്റ് രേഖകളോ, സ്വിഫ്റ്റ് (SWIFT) പകർപ്പുകളോ, എ.എഫ്.എ.-യുടെ രസീതോ സർക്കാരിൽ ലഭ്യമായിരുന്നില്ല.എത്താതിരുന്നതിന്

എന്താണ് കാരണമെന്ന സർക്കാർ രേഖകളിൽ വ്യക്തതയില്ല.വിഷയം അന്വേഷണ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**